HRMP No.4210/15


# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബ്ബോ പ്ലസ് ടൗവ്വർ, പി. എം. ജി. ജംഗ്ഷൻ,
വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം. 33

**Email. – hrckeralatvm@gmail.com**

ഫോൺ: 2307263. ഫാക്സ്: 2307490


## പൊതു സ്ഥലംമാറ്റം ഏപ്രിലിൽ നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഏപ്രിലിൽ തന്നെ നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ഏതെങ്കിലും വകുപ്പിൽ പൊതു സ്ഥലംമാറ്റം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ മേയ് 15 ന് മുമ്പ് പൂർത്തിയാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. വരും വർഷങ്ങളിൽ മാർച്ചിൽ അല്ലെങ്കിൽ ഏപ്രിലിലെങ്കിലും സ്ഥലം മാറ്റ നടപടികൾ പൂർത്തിയാക്കണമെന്നും ഉത്തരവിൽ പറയുന്നു.

വിദ്യാഭ്യാസ വകുപ്പിലെ പൊതു സ്ഥലംമാറ്റം ജൂൺ ഒന്നിനു മുമ്പ് പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് ഷമീം . എസ് സമർപ്പിച്ച ഹർജിയിലാണ് നടപടി. പൊതു സ്ഥലം മാറ്റം കൃത്യമായി നടന്നില്ലെങ്കിൽ ജീവനക്കാരുടെ മക്കൾക്ക് സ്കൂൾ, കോളേജ് പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാകുമെന്ന് കമ്മീഷൻ നിരീക്ഷിച്ചു. കോളേജിൽ പഠിക്കുന്ന കുട്ടികളാണെങ്കിൽ സർവകലാശാല മാറേണ്ടിയും വരും.

ഉത്തരവ് സർക്കാരിനു വേണ്ടി ചീഫ് സെക്രട്ടറിക്കും പൊതു വിദ്യാഭ്യാസ, പൊതുഭരണ സെക്രട്ടറിമാർക്കും അയച്ചതായി കമ്മീഷൻ അറിയിച്ചു.

പി.എം. ബിനുകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
9447694053.

07/05/2015